# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308, Kerala state,**
**Fax & Phone : 0484 -2730150**


**Date: 14- 02- 2018**

**No. M/C/002/ 2018**

# ജെ.എസ്.വി.ബി.എസ്. 2018

*ചിന്താവിഷയം : -* **"കർത്താവ് നല്ലവൻ എന്നു രുചിച്ചറിവിൻ "**

**34-ാം സങ്കീർത്തനം 8-ാം വാക്യം**

**"Taste and see that the LORD is good"**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ. മദ്ധ്യവേനൽ അവധിക്കാലത്ത് കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി അഞ്ഞൂറോളം കേന്ദ്രങ്ങളിൽ 50,000 ത്തോളം കുട്ടികൾക്ക് വി.ഗ്രന്ഥം അടിസ്ഥാനത്തിൽ ധാർമ്മിക മൂല്യങ്ങൾ വളർത്തുന്നതിന് ഉതകുന്ന ആത്മീയ വിദ്യാഭ്യാസ സംരംഭമാണ് ജേക്കബൈറ്റ് സിറിയൻ വെക്കേഷൻ ബൈബിൾ സ്കൂൾ.

പരിഷ്ക്കരിച്ച ജെ.എസ്.വി.ബി.എസ്. സിലബസ്സ് **Beginners** (ശിശു - 4,5,6), **SubJuniors** (ബാല -7,8,9) **Juniors** (കൗമാര - 10,11,12 ) **Seniors** (ജ്യേഷ്ഠം - 13 നു മുകളിൽ) എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി തിരിച്ച് 8 ദിവസങ്ങളിലായി പാഠഭാഗങ്ങൾ തീരത്തക്കവിധമാണ് പുതിയ പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

## പരിഷ്ക്കരിച്ച ജെ.എസ്.വി.ബി.എസ്. സിലബസ്

2002 വർഷം മുതൽക്കേ എം.ജെ.എസ്.എസ്.എ. സ്വന്തം പാഠ്യപദ്ധതി ആരംഭിച്ചു. നീണ്ട 16 വർഷത്തിന് ശേഷം പരിഷ്ക്കരിച്ച സിലബസ് 2018 മാർച്ച് 10 ശനിയാഴ്ച കേന്ദ്ര ഓഫീസിൽ നടക്കുന്ന മദ്ധ്യ മേഖല അദ്ധ്യാപക പരിശീലന ക്യാമ്പിൽ വെച്ച് പ്രസിഡന്റ് അഭി. മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായാൽ പ്രകാശനം ചെയ്യുവാൻ പ്രാർത്ഥിച്ചു ഒരുങ്ങി വരുന്നു. ജെ.എസ്.വി.ബി.എസ്. പാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ ആത്മാർത്ഥമായി സഹകരിച്ച അഭി. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്ത, റവ.ഫാ.ജിജോ വറുഗീസ്, റവ.ഫാ.ഷാജി വർഗീസ്,റവ. ഫാ. എൽദോസ് കറുത്തേടത്ത്, റവ.ഡീക്കൻ വർഗീസ് തമ്പി, ഷെവ.ജോയി പി. ജോർജ്, ഡോ.ബെന്നി വർഗ്ഗീസ്, ശ്രി.ടി.സി.ഏലിയാസ്, ശ്രി.എ.ജി.ഏലിയാസ്, ശ്രി.ഏലിയാസ് പി.വി., ശ്രി.പി.വി.ജേക്കബ്, ശ്രി.തോമസ് കുരുവിള, ശ്രീമതി സൂസൻ രാജു, ശ്രി. ഐ.വി ജോൺ, ശ്രി.ടി.കെ. ജോസ്, ശ്രീമതി ചിന്നമ്മ ജോസ്, ശ്രീമതി എ.പി. ചിന്നമ്മ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

## ധ്യാനസഹായി

ഈ വർഷത്തെ ധ്യാനസഹായി തയ്യാറാക്കി തന്നത് എം.ജെ.എസ്.എസ്.എ. മലബാർ ഭദ്രാസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന റവ.ഫാ. ഷിബു കുറ്റിപറിച്ചേൽ ആണ്. സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യം കാണിച്ച് തന്ന അച്ചന്റെ "കർത്താവ് നല്ലവൻ എന്നു രുചിച്ചറിവിൻ" എന്ന ചിന്താശകലങ്ങൾ അദ്ധ്യാപകരിലൂടെ കുഞ്ഞുങ്ങളിലേയ്ക്ക് പകരുവാൻ പ്രാർത്ഥിക്കാം. സ്നേഹവും കാരുണ്യവും വെളിപ്പെടേണ്ടത് വാക്കുകളിലൂടെയല്ല, പ്രവർത്തികളിലൂടെയാണ് എന്ന ബോദ്ധ്യം തന്ന ബഹു. അച്ചനോട് എം.ജെ.എസ്.എസ്.എ. നന്ദി രേഖപ്പെടുത്തുന്നു.

## സംഗീതവിഭാഗം

ശ്രി.അജി പോളിന്റെ (മ്യൂസിക് ഡയറക്ടർ) നേതൃത്വത്തിൽ വിവിധ ഭാഷകളിലെ 30 പാട്ടുകൾ ഉൾക്കൊള്ളിച്ച് സംഗീത വിഭാഗത്തിന്റെ പ്രവർത്തനം പൂർത്തിയായി വരുന്നു. 1998 വർഷത്തെ ഒരു പാട്ട് ഉൾപ്പെടുത്തി അഭി. മാത്യൂസ് മോർ അന്തിമോസ്, റവ.ഫാ.സ്റ്റീഫൻ ജ്ഞാനാമറ്റം, റവ.ഫാ.സാബു വർഗ്ഗീസ്, കുമാരി ഹന്ന ആലീസ് സൈമൺ, കുമാരി ഐറിൻ മരിയ ജോബി എന്നിവർ രചിച്ച് സ്വന്തം പാടി റെക്കോർഡ് ചെയ്തു പാട്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളതും, കൂടാതെ വിവിധ അദ്ധ്യാപകർ എഴുതിയ പാട്ടുകൾ ഉൾക്കൊള്ളിച്ച പാട്ട് പുസ്തകത്തിന്റെ ഒരുക്കങ്ങൾ നടന്നു വരുന്നു.

*മറുപുറം*

## ഡേ ഓഫ് ഗിവിംഗ്

" എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു." വി.മത്തായി 25:40. എം.ജെ.എസ്.എസ്.എയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രധാന വരുമാന സ്രോതസ് ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗിലൂടെയാണ്. കഴിഞ്ഞ പത്ത് വർഷങ്ങളിൽ ലഭിച്ച തുകകളും ചെലവഴിച്ച തുകകളും ചുവടെ ചേർക്കുന്നു.

| വർഷം | ഡേ ഓഫ് ഗിവിംഗ് | ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചിലവഴിച്ച തുക |
|---|---|---|
| 2007-08 | 87,240.00 | 52,500.00 |
| 2008-09 | 1,55,043.00 | 2,40,000.00 |
| 2009-10 | 1,55,223.00 | 1,60,495.00 |
| 2010-11 | 1,61,378.00 | 4,99,600.00 |
| 2011-12 | 3,54,503.00 | 8,59,755.00 |
| 2012-13 | 4,21,032.00 | 6,56,350.00 |
| 2013-14 | 6,47,318.00 | 10,76,500.00 |
| 2014-15 | 7,89,148.00 | 10,28,550.00 |
| 2015-16 | 9,34,158.00 | 12,17,987.00 |
| 2016-17 | 9,20,289.00 | 10,36,702.00 |

കഷ്ടതയും രോഗവും നേരിടുന്ന നമ്മുടെ കൂട്ടുവേലക്കാർക്കും കുട്ടികൾക്കും പങ്കിട്ടു നൽകുവാൻ / അവരുടെ ദുരിതങ്ങളിൽ കൈത്താങ്ങാകുവാൻ ഈ നാളുകളിൽ ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗ് മുഖാന്തിരമായി തീർന്നിട്ടുണ്ട്. എന്നാൽ ചില സെന്ററുകളിൽ പിരിക്കുന്ന തുകകൾ മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതായി മനസിലാക്കുന്നു. സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും പങ്കിടീലിന്റെ അവസരമാണ് ജെ.എസ്.വി.ബി.എസ്. നൽകുന്നത്. "വിശപ്പുള്ളവന് നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും പരദേശികളായ സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവന് വസ്ത്രം കൊടുക്കുകയും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതുമല്ലെ" (ഏശായ 58:7).

പാഠ്യപദ്ധതിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും എം.ജെ.എസ്.എസ്.എ. പ്രാധാന്യം കൊടുക്കുന്നു എന്ന് നിങ്ങൾക്കറിയാമല്ലൊ. ഭവന നിർമ്മാണത്തിന് 2 പേർക്ക് 50,000 രൂപ വീതവും ഉന്നതപഠനത്തിന് പരമാവധി 50,000 രൂപ വരെ 5 വിദ്യാർത്ഥികൾക്ക് പഠനസഹായവും ഉൾപ്പെടെ 29 പേർക്ക് തുടർന്നുള്ള ഫീസ് കൊടുക്കുന്നതോടൊപ്പം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകിയ ചികിത്സാ സഹായം, അദ്ധ്യാപകർക്കുള്ള പെൻഷൻ എന്നിവ ഉൾപ്പടെ 10,36,702/- രൂപയുടെ ധനസഹായം 2016-17 ൽ നൽകിയപ്പോൾ 9,20,289/- കയാണ് Day of Giving ഇനത്തിൽ ലഭിച്ചത്. ബഹുമാന്യരായ സഹപ്രവർത്തകരുടേയും പ്രിയപ്പെട്ട കുഞ്ഞുങ്ങളുടേയും സ്നേഹമുള്ള മാതാപിതാക്കളുടേയും നിർലോഭമായ സഹായസഹകരണത്തിലൂടെ കൂടുതൽ തുക Day of Giving ഇനത്തിൽ 2018 ൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ സഹായ സഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കട്ടെ.

എം.ജെ.എസ്.എസ്.എ. 10-ാം ക്ലാസ് പാസായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി അവരുടെ കോഴ്സ് തീരുന്നതുവരെയുള്ള ഫീസും, ഭവന നിർമ്മാണ ധനസഹായം, അദ്ധ്യാപകർക്കു പെൻഷൻ, ചികിത്സാ സഹായം എന്നിവയ്ക്കും സഹായ ധനം നൽകുന്നു. ഇത്തരത്തിൽ നല്ലൊരു തുക ഈ വർഷവും വേണ്ടി വരും. ഈ പദ്ധതികളുടെ പ്രധാന വരുമാനമാർഗ്ഗം ജെ.എസ്.വി.ബി.എസ് ന്റെ Day of Giving തന്നെയാണെന്നറിയാമല്ലോ. ആയതിനാൽ ജെ.എസ്.വി.ബി.എസ്. കഴിഞ്ഞാലുടൻ തന്നെ Day of Giving തുക കേന്ദ്ര ഓഫീസിൽ ഏല്പിച്ചു ഈ സദുദ്യമത്തെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ജെ.എസ്.വി.ബി.എസ്.നടന്ന ഏതെങ്കിലും സെന്ററുകളിൽ നിന്ന് മുൻ വർഷങ്ങളിൽ Day of Giving കേന്ദ്ര ഓഫീസിൽ ഏല്പിക്കാതിരിക്കുകയോ ലഭിച്ച തുക മുഴുവനും നൽകാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ വർഷം അപ്രകാരം ഉണ്ടാകരുതെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്ന കുഞ്ഞുങ്ങളുടെ സന്തോഷത്തിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമ്പോൾ തന്നെ Day of Giving ൽ അവർ നല്കുന്ന സംഭാവനകൾ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ എം.ജെ.എസ്.എസ്.എ. നടത്തുന്ന വലിയ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ നാം ചെയ്യുമ്പോൾ കുഞ്ഞുങ്ങളും മാതാപിതാക്കന്മാരും മുൻ വർഷത്തേക്കാളധികമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യും. പ്രിയപ്പെട്ട ജെ.എസ്.വി.ബി.എസ്. പ്രവർത്തകരുടെ ആത്മാർത്ഥമായ സഹായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുവാൻ താല്പര്യപ്പെടുന്നു. എം.ജെ.എസ്.എസ്.എ.യുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

| അദ്ധ്യാപക പരിശീലന ക്ലാസ്സ് - 2018<br>പരിഷ്കരിച്ച ജെ.എസ്.വി.ബി.എസ്. സിലബസ് പരിചയപ്പെടുത്തൽ, ഗാനപരിശീലനം | |
|---|---|
| **മദ്ധ്യ മേഖല**<br>2018 മാർച്ച് 10 ശനി 8.30 a.m.<br>മുതൽ 5.30 p.m. വരെ | എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്.<br>കൺവീനർ - **ശ്രീ. എൽബി വർഗ്ഗീസ്**<br>Mob. : **9947799742** |
| **തെക്കൻ മേഖല**<br>2018 മാർച്ച് 11 ഞായർ 9.30 a.m.<br>മുതൽ 5.30 p.m. വരെ | സെന്റ് സ്റ്റീഫൻസ് യാക്കോബായ സുറിയാനി കത്തീഡ്രൽ, മഞ്ഞിനിക്കര.<br>കൺവീനർ - **ശ്രീ. ഷാജി മാത്യു**<br>Mob. : **9495537172** |
| **വടക്കൻ മേഖല**<br>2018 മാർച്ച് 18 ഞായർ 9.30 a.m.<br>മുതൽ 5.30 p.m. വരെ | തമിഴ്നാട്ടിൽ, സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, താളൂർ<br>കൺവീനർ - **ശ്രീ.എം.വൈ. ജോർജ്**<br>Mob. : **9744585089** |

ക്യാമ്പ് ഫീസ് ഒരു അദ്ധ്യാപകന് 150 രൂപ ആയിരിക്കും. വി.ബി.എസ്. കേന്ദ്രങ്ങളിൽ സീനിയർ, ജൂനിയർ, സബ്ജൂണിയർ, ബിഗിനർ എന്നീ വിഭാഗത്തിന്റെ ഹാൻഡ് ബുക്ക്, വർക്ക്ബുക്ക്, ധ്യാനസഹായി, പാട്ട് പുസ്തകം, സി.ഡി. എന്നിവ അടങ്ങുന്ന ഒരു Directors Kit ക്യാമ്പ് അംഗങ്ങൾക്ക് ഓഫീസിൽ നിന്ന് നിശ്ചിത തുക നൽകി വാങ്ങാവുന്നതാണ്.

സംഗീതവും പാഠഭാഗങ്ങളും ധ്യാനചിന്തയും ഉൾക്കൊള്ളുന്നതാണ് ജെ.എസ്.വി.ബി.എസിന്റെ പഠന ക്രമീകരണം എന്നത് മറക്കരുത്. ഇതിലെന്തെങ്കിലും ഒന്നൊഴിവാക്കുകയോ ഏതെങ്കിലും ഒന്നിനു മാത്രം പ്രാധാന്യം കൊടുക്കുകയോ ചെയ്യുവാൻ ഇടയാകാതെ കരുതണം.

ജെ.എസ്.വി.ബി.എസിന്റെ പുതിയ പാഠ്യപദ്ധതിയിലൂടെ കുഞ്ഞുങ്ങൾക്കും അദ്ധ്യാപകർക്കും പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ പ്രദാനം ചെയ്യുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഓരോരുത്തരുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ മുൻ വർഷത്തേക്കാളുപരിയായി ഉണ്ടാകുകയും വേണം പുതിയ സെന്ററുകൾ ആരംഭിക്കുവാൻ ഭദ്രാസന, ഡിസ്ട്രിക്റ്റ് ഭാരവാഹികൾ ഉത്സാഹിക്കണം.

പരിഷ്ക്കരിച്ച പുസ്തകങ്ങൾ വി.ബി.എസിന് നിലവിൽ വരുന്നതിനാൽ എല്ലാ ജെ.എസ്.വി.ബി.എസ്. കേന്ദ്രങ്ങളിലേയും ഡയറക്ടർമാരും 4 വിഭാഗങ്ങളിലും പഠിപ്പിക്കുവാനുള്ള അദ്ധ്യാപകരും പാട്ട് പഠിപ്പിക്കുന്നതിനോട് അഭിരുചിയുള്ളവരും നിർബന്ധമായും ക്യാമ്പിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

എന്ന്,

സ്നേഹാദരങ്ങളോടെ,

കർത്താവിൽ എളിയ ശുശ്രൂഷകർ


**എൽദോ ഐസക്**
**സെക്രട്ടറി ( 0485-2562568)**
**Mob : 9048951227, 9995800045**

**ഷെവ.എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**Mob : 9745046911, 8073580719**